## മധുരമായ കുട്ടികളേ - തന്റെ മംഗളം ചെയ്യണമെങ്കിൽ എല്ലാ പ്രകാരത്തിലുമുള്ള പത്ഥ്യം വെക്കൂ, പുഷ്പമായി മാറുന്നതിന് വേണ്ടി പവിത്രകരങ്ങൾ കൊണ്ടുണ്ടാക്കിയ ശുദ്ധഭോജനം കഴിക്കൂ.

**ചോദ്യം:-** 21 ജന്മം വരെക്കും നിലനിൽക്കുന്ന ഏതൊരു പ്രാക്ടീസാണ് നിങ്ങൾ കുട്ടികൾ ഇവിടെ നിന്ന് തന്നെ ചെയ്യുന്നത്?
**ഉത്തരം:-** ശരീരവും, മനസ്സും സദാ ആരോഗ്യമായിരിക്കുന്നതിന്റെ പ്രാക്ടീസ് നിങ്ങൾ ഇവിടെ നിന്ന് തന്നെ ചെയ്യുന്നു. നിങ്ങൾക്ക് ദധീജി മഹർഷിയെപ്പോലെ യജ്ഞ സേവനത്തിൽ എല്ലുകൾ നൽകണം എന്നാൽ ഹഠയോഗത്തിന്റെ കാര്യമില്ല. തന്റെ ശരീരത്തെ ദുർബലമാക്കരുത്. യോഗത്താൽ നിങ്ങൾ 21 ജന്മത്തേക്ക് ആരോഗ്യമുള്ളവരായി മാറുന്നു, അതിന്റെ പ്രാക്ടീസ് ഇവിടെ നിന്നുതന്നെ ചെയ്യുന്നു.

**ഓം ശാന്തി**. കോളേജ് അഥവാ യൂണിവേഴ്സിറ്റി ആകുമ്പോൾ ടീച്ചറും വിദ്യാർത്ഥികളുടെ നേർക്ക് നോക്കുന്നു, റോസാ പുഷ്പമെവിടെയാണ്, മുമ്പിൽ ആരാണിരിക്കുന്നത്? ഇതും പൂന്തോട്ടമാണ് പക്ഷെ നമ്പർവൈസാണ്. ഇവിടെത്തന്നെയാണ് റോസാപുഷ്പം കാണുന്നത് പിന്നീട് കൈയ്യിൽ രത്നജ്യോതി. ഇടക്ക് എരിക്കിൻ പൂവും കാണുന്നുണ്ട്. പൂന്തോട്ടക്കാരന് നോക്കേണ്ടതുണ്ടല്ലോ. ആ തോട്ടക്കാരനെ ത്തന്നെയാണ്, വന്ന് ഈ മുള്ളുകളുടെ കാടിനെ ഇല്ലാതാക്കി പുഷ്പങ്ങളുടെ ചെടി നടൂ എന്ന് പറഞ്ഞ് വിളിക്കുന്നത്. നിങ്ങൾ കുട്ടികൾ പ്രാക്ടിക്കലായി എങ്ങനെയാണ് മുള്ളിൽ നിന്ന് പൂക്കളുടെ തൈ നടുന്നതെന്ന് അറിയുന്നു. ഈ കാര്യങ്ങളെക്കുറിച്ച് ചിന്തനം ചെയ്യുന്നത് നിങ്ങളിലും വളരെ കുറച്ചു പേരേയുള്ളൂ. ഇതും നിങ്ങൾ കുട്ടികൾ മനസ്സിലാക്കുന്നു - ബാബ തോട്ടക്കാരനുമാണ്, തോണിക്കാരനുമാണ്, എല്ലാവരെയും കൊണ്ടുപോകുന്നു. പൂക്കളെ കണ്ട് ബാബയും സന്തോഷിക്കുന്നു. എല്ലാവരും മനസ്സിലാക്കുന്നു നമ്മൾ മുള്ളിൽ നിന്നും പുഷ്പമായി മാറിക്കൊണ്ടിരിക്കയാണ്. നോക്കൂ, ജ്ഞാനം എത്ര ഉയർന്നതാണ്. ഇത് മനസ്സിലാക്കുന്നതിനും വളരെ വലിയ ബുദ്ധി വേണം. ഇത് കലിയുഗീ നരകവാസി തന്നെയാണ്. നിങ്ങൾ സ്വർഗ്ഗവാസിയായി മാറിക്കൊണ്ടിരിക്കുന്നു. സന്യാസിമാർ വീടെല്ലാം ഉപേക്ഷിച്ച് ഓടിപ്പോകുന്നു. നിങ്ങൾക്ക് ഓടേണ്ടതില്ല. ചില-ചില വീടുകളിൽ ഒരാൾ മുള്ളാണെങ്കിൽ ഒരാൾ പൂവാണ്. ബാബയോട് ചിലർ ചോദിക്കുന്നു - ബാബാ, കുട്ടികളുടെ വിവാഹം നടത്തട്ടെ? ബാബ പറയും വേണമെങ്കിൽ ചെയ്തോളൂ. വീട്ടിൽ നിർത്താം, സംരക്ഷിക്കാം. എന്നാലും ചോദിക്കുന്നു, ഇതിൽ നിന്നുതന്നെ മനസ്സിലാക്കാം, ധൈര്യമില്ല. അതിനാൽ ബാബയും പറയുന്നു ആവശ്യമെങ്കിൽ ചെയ്തോളൂ. പറയുകയാണ് ഞങ്ങൾ രോഗിയാകും പിന്നീട് മരുമകൾ വരും, അവരുടെ കൈയ്യിൽ നിന്ന് കഴിക്കേണ്ടി വരും. ബാബ പറയുകയാണ് കഴിക്കൂ. വേണ്ടെന്ന് പറയുമോ! സാഹചര്യം അങ്ങനെയായിരിക്കും. കഴിക്കേണ്ടി വരും, കാരണം മോഹവുമുണ്ടല്ലോ. വീട്ടിൽ മരുമകൾ വന്നുവെങ്കിൽ ചോദിക്കേണ്ട കാര്യമില്ല ദേവി വന്നതുപോലെയാണ്. ഇത്രയും സന്തോഷമുണ്ടാകുന്നു. ഇതിപ്പോൾ മനസ്സിലാക്കേണ്ട കാര്യമാണ്. നമുക്ക് പുഷ്പമായി മാറണമെങ്കിൽ പവിത്രമായ കൈയ്യിൽ നിന്ന് കഴിക്കണം. അതിന് വേണ്ടി തന്റേതായ വ്യവസ്ഥ ഉണ്ടാക്കണം, ഇതിൽ ചോദിക്കേണ്ട ആവശ്യമില്ല. ബാബ മനസ്സിലാക്കിത്തരുന്നു നിങ്ങൾ ദേവതയായി മാറുന്നവരാണ്, ഇതിൽ ഈ പത്ഥ്യം ആവശ്യമാണ്. എത്രയധികം പത്ഥ്യം വെക്കുന്നുവോ നിങ്ങൾക്ക് അത്രയും മംഗളമുണ്ടാകും. കൂടുതൽ പത്ഥ്യം വെക്കുന്നതിൽ കുറച്ച് പരിശ്രമവും ഉണ്ട്. വഴിയിൽ വിശപ്പ് അനുഭവപ്പെടുകയാണ്, ഭക്ഷണം കൂടെ കൊണ്ടുപോകൂ. എന്തെങ്കിലും ബുദ്ധിമുട്ട് ഉണ്ടാവുകയാണ്, അത്യാവശ്യമാണെങ്കിൽ സ്റ്റേഷനിൽ നിന്ന് ഡബിൾ റൊട്ടി വാങ്ങി കഴിക്കൂ. കേവലം ബാബയെ ഓർമ്മിക്കൂ. ഇതിനെത്തന്നെയാണ് യോഗബലമെന്ന് പറയുന്നത്. ഇതിൽ ഹഠയോഗത്തിന്റെ ഒരു കാര്യവുമില്ല, ശരീരത്തെ ദുർബലമാക്കരുത്. ദധീജീ മഹർഷിയെപ്പോലെ എല്ല്- എല്ല് നൽകണം, ഇതിൽ ഹഠയോഗത്തിന്റെ കാര്യമില്ല. ഇതെല്ലാം ഭക്തിമാർഗ്ഗത്തിലെ കാര്യങ്ങളാണ്. ശരീരത്തെ തികച്ചും ആരോഗ്യത്തോടെ വെക്കണം. യോഗത്തിലൂടെ 21 ജന്മത്തേക്ക് ആരോഗ്യമുള്ളതാക്കി മാറ്റണം. ഈ പ്രാക്ടീസ് ഇവിടെ തന്നെ ചെയ്യണം. ബാബ മനസ്സിലാക്കിത്തരുന്നു ഇതിൽ ചോദിക്കേണ്ട ആവശ്യമില്ല. ഏതെങ്കിലും വലിയ കാര്യമാണ്, അതിൽ സംശയമുണ്ട് എങ്കിൽ ചോദിക്കണം. ചെറിയ-ചെറിയ കാര്യങ്ങൾ ബാബയോട് ചോദിക്കുന്നതിൽ എത്ര സമയമാണ് പോകുന്നത്. വലിയ ആളുകൾ വളരെക്കുറച്ച് സംസാരിക്കുന്നു. ശിവബാബയെ സദ്ഗതി ദാതാവ് എന്നാണ് പറയുന്നത്. രാവണനെ സദ്ഗതി ദാതാവെന്ന് പറയില്ല. അഥവാ പറയുകയാണെങ്കിൽ രാവണനെ എന്തിനാണ് കത്തിക്കുന്നത്? കുട്ടികൾ മനസ്സിലാക്കുന്നുണ്ട് രാവണൻ പ്രസിദ്ധനാണ്. രാവണനിൽ ബലവും, ശക്തിയുമെല്ലാം ഒരുപാടുണ്ട്, പക്ഷെ ശത്രുവാണല്ലോ. പകുതി കൽപം രാവണരാജ്യമാണ്. പക്ഷെ എപ്പോൾ മഹിമ കേൾക്കുന്നു? ഒന്നും തന്നെയില്ല. നിങ്ങൾക്കറിയാം 5 വികാരങ്ങളെയാണ് രാവ

ണനെന്ന് പറയുന്നത്. സാധൂ-സന്യാസിമാർ പവിത്രമായി മാറുമ്പോൾ അവരുടെ മഹിമ ചെയ്യാറുണ്ടല്ലോ. ഈ സമയത്തെ എല്ലാ മനുഷ്യരും പതിതമാണ്. ആരു വന്നാലും മനസ്സിലാക്കൂ, ഏതെങ്കിലും വലിയ ആളുകൾ വരുകയാണ്, ബാബയുമായി കൂടിക്കാഴ്ച നടത്തട്ടേ എന്ന് ചോദിച്ചാൽ ബാബ അവരോട് എന്ത് ചോദിക്കും? അവരോട് ചോദിക്കും, രാമരാജ്യവും, രാവണരാജ്യവും എന്ന് കേട്ടിട്ടുണ്ടോ?... മനുഷ്യനും, ദേവതയും എപ്പോഴായിരുന്നുവെന്നറിയുമോ?.... ഈ സമയം മനുഷ്യരുടെ രാജ്യമാണോ അതോ ദേവതകളുടെ രാജ്യമാണോ?... മനുഷ്യനാരാണ്, ദേവതയാരാണ്?... ദേവത ഏത് രാജ്യത്തിലായിരുന്നു?... ദേവതകൾ സത്യയുഗത്തിലാണുണ്ടാകുന്നത്. അവിടെ എങ്ങനെയാണോ രാജാവും, റാണിയും അതുപോലെതന്നെയാണ് പ്രജയും......... നിങ്ങൾക്ക് ചോദിക്കാൻ കഴിയും, ഇത് പുതിയ സൃഷ്ടിയാണോ അതോ പഴയതാണോ?... സത്യയുഗത്തിൽ ആരുടെ രാജ്യമായിരുന്നു?.. ഇപ്പോൾ ആരുടെ രാജ്യമാണ്?... ചിത്രം മുന്നിലുണ്ട്. ഭക്തിയെന്താണ്, ജ്ഞാനമെന്താണ്? ഇത് ബാബ തന്നെയാണ് ഇരുന്ന് മനസ്സിലാക്കിത്തരുന്നത്.

ചില കുട്ടികൾ പറയുന്നു, ബാബാ ധാരണ ഉണ്ടാകുന്നില്ല.. അവരോട് ബാബ പറയുന്നു, അല്ലാഹുവിനെയും സമ്പത്തിനെയും ഓർമ്മിക്കുന്നത് സഹജമല്ലേ. അല്ലാഹുവായ ബാബ തന്നെയാണ്, അച്ഛനായ എന്നെ ഓർമ്മിക്കൂ എങ്കിൽ സമ്പത്ത് ലഭിക്കും എന്ന് പറയുന്നത്. ഭാരതത്തിൽ ശിവജയന്തിയും ആഘോഷിക്കുന്നു പക്ഷെ ഭാരതത്തിൽ എപ്പോഴാണ് വന്ന് സ്വർഗ്ഗമുണ്ടാക്കിയത്? ഭാരതം സ്വർഗ്ഗമായിരുന്നു - ഇത് അറിയില്ല, മറന്നു പോയിരിക്കുന്നു. നിങ്ങൾ പറയും, നമ്മൾ സ്വർഗ്ഗത്തിന്റെ അധികാരിയായിരുന്നുവെന്നൊന്നും ഞങ്ങൾക്കും അറിയുമായിരുന്നില്ല. ഇപ്പോൾ ബാബയിലൂടെ നമ്മൾ വീണ്ടും ദേവതയായി മാറിക്കൊണ്ടിരിക്കുന്നു. മനസ്സിലാക്കിത്തരുന്നത് ഞാൻ തന്നെയാണ്. സെക്കന്റിൽ ജീവന്മുക്തിയെന്ന് പാടാറുണ്ട്. പക്ഷെ ഇതിന്റെയും അർത്ഥം അറിയുകയില്ല. സെക്കന്റിൽ നിങ്ങൾ സ്വർഗ്ഗത്തിലെ മാലാഖ യാവുമല്ലോ. ഇതിനെ ഇന്ദ്രസഭയെന്നും പറയുന്നു, അവർ പിന്നെ മഴ പെയ്യിക്കുന്ന ആളെ ഇന്ദ്രനെന്ന് മനസ്സിലാക്കുന്നു. ഇപ്പോൾ മഴ പെയ്യിക്കുന്നവരുടെ ഏതെങ്കിലും സഭയുണ്ടാകുമോ? ഇന്ദ്രസഭ, എന്തെല്ലാമാണ് കേൾപ്പിക്കുന്നത്.

ഇന്ന് വീണ്ടും ഈ പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുന്നു, പഠിപ്പാണല്ലോ. വക്കീലാകാൻ പഠിക്കുമ്പോൾ മനസ്സിലാക്കുന്നു നാളെ നമ്മൾ വക്കീലാകും. നിങ്ങൾ ഇന്ന് പഠിക്കുന്നു, നാളെ ശരീരം ഉപേക്ഷിച്ച് പോയി രാജകുടുംബത്തിൽ ജന്മമെടുക്കും. നിങ്ങൾ ഭാവിയിലേക്ക് വേണ്ടി പ്രാപ്തി നേടുന്നു. ഇവിടെ നിന്ന് പഠിച്ച് പോകും പിന്നീട് നമ്മൾ സത്യയുഗത്തിൽ ജനിക്കും. ലക്ഷ്യം ഇതാണ് - രാജകുമാരനും, രാജകുമാരിയുമാകണം. രാജയോഗമാണല്ലോ. ചിലർ പറയുകയാണ് ബാബാ, ഞങ്ങളുടെ ബുദ്ധി തുറക്കുന്നില്ല, നിങ്ങളുടെ ഭാഗ്യം അങ്ങനെയുള്ളതാണ്. ഡ്രാമയിൽ പാർട്ട് അങ്ങനെയാണ്. ബാബക്കെങ്ങനെ അതിനെ മാറ്റാൻ കഴിയും. സ്വർഗ്ഗത്തിന്റെ അധികാരിയാകുന്നതിന് വേണ്ടി എല്ലാവർക്കും അധികാരമുണ്ട്. എന്നാൽ സംഖ്യാക്രമമായല്ലേ സംഭവിക്കുക. എല്ലാവരും ചക്രവർത്തിയായി മാറും എന്നല്ല. ചിലർ പറയുന്നു ഈശ്വരീയ ശക്തിയുണ്ടെങ്കിൽ എല്ലാവരെയും ചക്രവർത്തിയാക്കി മാറ്റും. പിന്നീട് പ്രജ എവിടെ നിന്ന് വരും. ഇത് വിവേകത്തിന്റെ കാര്യമാണല്ലോ. ഈ ലക്ഷ്മീ നാരായണന്റെ രാജ്യമായിരുന്നു. ഇപ്പോൾ പേരിന് മാത്രം മഹാരാജാ-മഹാറാണിയാണ്. ടൈറ്റിലും നൽകുന്നു. രണ്ട് ലക്ഷം കൊടുത്താൽ രാജാ-റാണിയുടെ പദവി ലഭിക്കുന്നു, പിന്നീട് പെരുമാറ്റവും അങ്ങനെയാകും.

ഇപ്പോൾ നിങ്ങൾ കുട്ടികൾക്കറിയാം, നമ്മൾ ശ്രീമതത്തിലൂടെ തന്റെ രാജ്യം സ്ഥാപിച്ചുകൊണ്ടിരിക്കുന്നു. അവിടെ എല്ലാവരും വെളുത്ത സുന്ദരന്മാരായിരിക്കും. ഈ ലക്ഷ്മീ നാരായണന്റെ രാജ്യമായിരുന്നല്ലോ. ശാസ്ത്രങ്ങളിൽ കല്പത്തിന്റെ ആയുസ്സ് വളരെ വലുതാക്കി എഴുതിയതുകൊണ്ട് മനുഷ്യർ മറന്നു പോയിരിക്കുന്നു. ഇപ്പോൾ നിങ്ങൾ , കറുപ്പിൽ നിന്ന് സുന്ദരനായി മാറുന്നതിനുള്ള പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുന്നു. ഇപ്പോൾ ദേവതകൾ കറുപ്പാണോ? കൃഷ്ണനെ കറുത്തതായും, രാധയെ വെളുത്തതായും കാണിച്ചിരിക്കുന്നു. ഇപ്പോൾ സുന്ദരമാണെങ്കിൽ രണ്ടു പേരും സുന്ദരമായിരിക്കുമല്ലോ. പിന്നീട് കാമചിതയിൽ വീണ് രണ്ടു പേരും കറുത്തതായി മാറുന്നു. അവിടെ മനോഹര ലോകത്തിന്റെ അധികാരി, ഇവിടെ കറുത്ത ലോകത്തിന്റെ. നിങ്ങൾ കുട്ടികൾക്ക് ഒന്ന് ഉള്ളിൽ സന്തോഷമുണ്ടായിരിക്കണം കൂടാതെ ദൈവീക ഗുണവും ധാരണ ചെയ്യണം. ചിലർ പറയുന്നു ബീഡി ഉപേക്ഷിക്കാൻ കഴിയുന്നില്ല. ബാബ പറയും, ശരി, ഒരുപാട് വലിച്ചോളൂ... ചോദിക്കുമ്പോൾ പിന്നെ എന്ത് പറയാനാണ്?... പത്ഥ്യത്തിലൂടെ നടന്നില്ലെങ്കിൽ വീണ് പോകും. സ്വയം തന്റെ അറിവ് വേണമല്ലോ. നമ്മൾ ദേവതയായി മാറുന്നുവെങ്കിൽ നമ്മുടെ പെരുമാറ്റം, കഴിക്കൽ-കുടിക്കൽ എങ്ങനെയാവണം?... എല്ലാവരും പറയുന്നു, ഞങ്ങൾ ലക്ഷ്മിയെ, നാരായണനെ വരിക്കും. നല്ലത്, സ്വയം നോക്കൂ അങ്ങനെയുള്ള ഗുണമുണ്ടോ? ഞാൻ ബീഡി വലിക്കുന്നു, നാരായണനായി മാറാൻ കഴിയുമോ? നാരദന്റെയും കഥയുണ്ടല്ലോ. നാരദൻ ഒരാൾ മാത്രമല്ലല്ലോ. എല്ലാ മനുഷ്യരും ഭക്തരാണ്(നാരദൻ). ബാബ പറയുന്നു - ദേവതയായി മാറുന്ന കുട്ടികൾ അന്തർമുഖിയായി മാറി സ്വയം

തന്നോട് സംസാരിക്കൂ, ഞാൻ ദേവതയായി മാറുന്നുവെങ്കിൽ എന്റെ പെരുമാറ്റം എങ്ങനെയുള്ളതായിരിക്കണം? നമ്മൾ ദേവതയായി മാറുന്നവരാണ് അതിനാൽ മദ്യം കഴിക്കാൻ സാധിക്കില്ല, ബീഡി വലിക്കാൻ സാധിക്കില്ല, വികാരത്തിൽ പോകാൻ സാധിക്കില്ല, പതിതരുടെ കൈയ്യിൽ നിന്നും കഴിക്കാൻ സാധിക്കില്ല. ഇല്ലായെങ്കിൽ അവസ്ഥയിൽ പ്രഭാവമുണ്ടാകും. ഈ കാര്യങ്ങളെല്ലാം ബാബയിരുന്ന് മനസ്സിലാക്കിത്തരുന്നു. ഡ്രാമയുടെ രഹസ്യവും ആരും അറിയുന്നില്ല. ഇത് നാടകമാണ്, എല്ലാവരും പാർട്ട്ധാരികളാണ്. നമ്മൾ ആത്മാക്കൾ മുകളിൽ നിന്ന് വരുന്നു, പാർട്ട് ലോകത്തിലെ മുഴുവൻ അഭിനേതാക്കളും അഭിനയിക്കണം. എല്ലാവർക്കും അവരവരുടേതായ പാർട്ടുണ്ട്. എത്ര പാർട്ട്ധാരികളാണുള്ളത്, എങ്ങനെ പാർട്ടഭിനയിക്കുന്നു, ഇത് വ്യത്യസ്ത ധർമ്മങ്ങളുടെ വൃക്ഷമാണ്. ഒരു മാവിനെ വെറൈറ്റി വൃക്ഷമെന്ന് പറയില്ല. ആ വൃക്ഷത്തിൽ മാങ്ങകൾ മാത്രമാണുണ്ടാവുക. ഇത് മനുഷ്യസൃഷ്ടിയുടെ വൃക്ഷമാണ് ഇതിന്റെ പേരാണ് – വെറൈറ്റി ധർമ്മങ്ങളുടെ വൃക്ഷം. ബീജം ഒന്ന് മാത്രമാണ്, മനുഷ്യരെ നോക്കൂ എത്ര വെറൈറ്റിയാണ്. ചിലർ അങ്ങിനെ, ചിലർ ഇങ്ങിനെ. ഇത് ബാബയിരുന്ന് മനസ്സിലാക്കിത്തരുന്നു, മനുഷ്യർക്ക് ഒന്നും തന്നെ അറിയില്ല. മനുഷ്യരെ ബാബ തന്നെയാണ് പവിഴബുദ്ധിയാക്കി മാറ്റുന്നത്. നിങ്ങൾ കുട്ടികൾക്കറിയാം, ഈ പഴയ ലോകത്തിൽ ബാക്കി കുറച്ച് ദിവസങ്ങളേയുള്ളൂ കൽപം മുൻപത്തെപ്പോലെ തൈകൾ നട്ടുകൊണ്ടിരിക്കുന്നു. നല്ല പ്രജകൾ, സാധാരണ പ്രജകൾ, ഇവരുടെയൊക്കെ തൈ നടുന്നു. ഇവിടെത്തന്നെയാണ് രാജധാനിയുടെ സ്ഥാപന നടന്നുകൊണ്ടിരിക്കുന്നത്. കുട്ടികൾക്ക് ഓരോ കാര്യത്തിലും ബുദ്ധി പ്രവർത്തിപ്പിക്കണം. മുരളി കേട്ടിട്ടും കേൾക്കാതിരിക്കുക, ഇങ്ങനെയാകരുത്. ഇവിടെ ഇരുന്നും ബുദ്ധി പുറത്ത് അലഞ്ഞുകൊണ്ടിരിക്കുന്നു. ഇങ്ങനെയുമുണ്ട് – ചിലർക്കാണെങ്കിൽ സന്മുഖത്തിരുന്ന് മുരളി കേട്ട് വളരെ ഗദ്ഗദമുണ്ടാകുന്നു. മുരളിക്ക് വേണ്ടി ഓടി വരുന്നു. ഭഗവാൻ പഠിപ്പിക്കുകയാണ്, അതിനാൽ അങ്ങനെയുള്ള പഠിപ്പ് ഉപേക്ഷിക്കരുത്. ടേപ്പിൽ കൃത്യമായി നിറക്കുന്നു, കേൾക്കണം. സമ്പന്നർ വാങ്ങുകയാണെങ്കിൽ പാവങ്ങൾ കേൾക്കും. എത്ര പേരുടെ മംഗളമുണ്ടാകും. നിർദ്ധനരായ കുട്ടികൾക്കും തന്റെ ഭാഗ്യം വളരെ ഉയർന്നതാക്കി മാറ്റാൻ സാധിക്കുന്നു. ബാബ കുട്ടികൾക്ക് വേണ്ടിയാണ് കെട്ടിടങ്ങൾ ഉണ്ടാക്കുന്നത്, പാവങ്ങൾ രണ്ട് രൂപ മണിയോർഡർ അയക്കുന്നു, ബാബാ, ഇതിന്റെ ഒരു ഇഷ്ടിക കെട്ടിടത്തിൽ വെക്കണം... ഒരു രൂപ യജ്ഞത്തിൽ ഉപയോഗിക്കണം. പിന്നീട് ഭണ്ഡാരം നിറക്കുന്നവരും ഉണ്ടാകുമല്ലോ. മനുഷ്യർ ഹോസ്പിറ്റൽ മുതലായവ നിർമ്മിക്കുന്നു, എത്ര ചിലവ് ചെയ്യുന്നു, സമ്പന്നർ സർക്കാരിന് വളരെയധികം സഹായം ചെയ്യുന്നു, അവർക്ക് എന്ത് ലഭിക്കുന്നു! അൽപകാലത്തെ സുഖം. ഇവിടെ നിങ്ങൾ എന്ത് ചെയ്യുന്നുവോ അത് 21 ജന്മത്തേക്ക് വേണ്ടിയാണ്. കാണുന്നുണ്ട് ബാബ എല്ലാം നൽകിയിട്ടുണ്ട്, വിശ്വത്തിന്റെ അധികാരി ഒന്നാം നമ്പറാക്കി. 21 ജന്മത്തേക്ക് ഇങ്ങനെയൊരു വ്യാപാരം ആര് ചെയ്യാതിരിക്കും. ഭോലാനാഥനെന്ന് അതുകൊണ്ടാണല്ലോ പറയുന്നത്. ഇപ്പോഴത്തെ കാര്യമാണ്. എത്ര നിഷ്കളങ്കനാണ്, പറയുന്നു എന്തെങ്കിലും ചെയ്യണമെങ്കിൽ ചെയ്യൂ. എത്ര നിർദ്ധനരായ പെൺകുട്ടികളാണുള്ളത്, തയ്യൽ ചെയ്ത് ജീവിക്കുന്നു. ബാബക്കറിയാം, ഇവർ വളരെ ഉയർന്ന പദവി നേടുന്നവരാണ്. സുദാമാവിന്റെ ഉദാഹരണവുമുണ്ടല്ലോ. ഒരുപിടി അവലിന് പകരം 21 ജന്മത്തേക്ക് കൊട്ടാരം ലഭിക്കും. നിങ്ങൾ ഈ കാര്യങ്ങളെല്ലാം നമ്പർവൈസ് പുരുഷാർത്ഥമനുസരിച്ച് അറിയുന്നു. ബാബ പറയുന്നു, ഞാൻ ഭോലാനാഥനുമാണല്ലോ. ഈ ദാദ ഭോലാനാഥനല്ല. ഇതും പറയുന്നു ഭോലാനാഥൻ ശിവബാബയാണ് അതിനാൽ ശിവബാബയെ വ്യാപാരി, രത്നാകരൻ, ഇന്ദ്രജാലക്കാരൻ എന്നെല്ലാം പറയുന്നു. നിങ്ങൾ വിശ്വത്തിന്റെ അധികാരിയാകുന്നു. ഇവിടെ ഭാരതം പട്ടിണിയിലാണ്, പ്രജ സമ്പന്നരാണ്, സർക്കാർ ദരിദ്രമാണ്. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കി ഭാരതം വളരെ ഉയർന്നതായിരുന്നു. സ്വർഗ്ഗമായിരുന്നു. അതിന്റെ അടയാളങ്ങളുമുണ്ട്. സോമനാഥ ക്ഷേത്രം എത്രയധികം വജ്രങ്ങളും, വൈഢൂര്യങ്ങളും കൊണ്ട് അലങ്കരിക്കപ്പെട്ടതായിരുന്നു. വജ്രങ്ങളും, വൈഢൂര്യങ്ങളുമൊക്കെ ഒട്ടകപ്പുറത്ത് കയറ്റിക്കൊണ്ടുപോയി. നിങ്ങൾ കുട്ടികൾക്കറിയാം, ഇപ്പോൾ ഈ ലോകം മാറുമെന്നത് തീർച്ചയാണ്. അതിന് വേണ്ടി നിങ്ങൾ തയ്യാറെടുപ്പ് നടത്തിക്കൊണ്ടിരിക്കുന്നു. ആര് ചെയ്യുന്നോ അവർ നേടും. മായയുടെ എതിരിടൽ വളരെയധികം ഉണ്ടാകുന്നു. നിങ്ങൾ ഈശ്വരന്റെ ശിഷ്യരാണ്, ബാക്കി എല്ലാവരും രാവണന്റെ ശിഷ്യരാണ്, നിങ്ങൾ ശിവബാബയുടേതാണ്. ശിവബാബ നിങ്ങൾക്ക് സമ്പത്ത് നൽകുന്നു. ബാബയുടേതല്ലാതെ മറ്റാരുടെയും കാര്യം ബുദ്ധിയിൽ വരരുത്. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും,സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയകുട്ടികൾക്ക് നമസ്കാരം.

### ധാരണക്കുള്ള മുഖ്യസാരം-

1) അന്തർമുഖിയായി മാറി സ്വയം സ്വയത്തോട് സംസാരിക്കണം , ദേവതകളാകുവാൻ പോകുന്ന എന്റെ പെരുമാറ്റം എങ്ങനെയുള്ളതാണ്!... അശുദ്ധമായ ഭക്ഷണ-പാനീയങ്ങളൊന്നും തന്നെയില്ലല്ലോ!...

2) തന്റെ ഭാവിയിലെ 21 ജന്മങ്ങളും ഉയർന്നതാക്കി മാറ്റണമെങ്കിൽ സുദാമാവിനെപ്പോലെ എന്തെല്ലാമുണ്ടോ ഭോലാനാഥനായ ബാബക്ക് സമർപ്പിക്കൂ. പഠനത്തിന് ഒഴിവുകഴിവ് നൽകരുത്.

## വരദാനം- തന്റെ ആദി- അനാദി സ്വരൂപത്തിന്റെ സ്മൃതിയിലൂടെ,തന്റെ സ്വാഭാവിക സ്വധർമ്മത്തെ സ്വായത്തമാക്കുന്ന പവിത്ര യോഗിയായി ഭവിക്കട്ടെ.

ബ്രാഹ്മണരുടെ സ്വാഭാവിക സ്വധർമ്മമാണ് പവിത്രത, അപവിത്രത പരധർമ്മമാണ്. ഏത് പവിത്രതയെ സ്വന്തമാക്കുന്നതാണോ ആളുകൾ ബുദ്ധിമുട്ടായി കാണുന്നത് അത് താങ്കൾ കുട്ടികൾക്ക് അതിസഹജമാണ്, എന്തെന്നാൽ നമ്മുടെ യഥാർത്ഥമായ ആത്മസ്വരൂപം അതിപവിത്രമാണെന്ന സ്മൃതി വന്നുകഴിഞ്ഞു, അനാദി സ്വരൂപത്തിൽ പവിത്ര ആത്മാക്കളും, ആദിസ്വരൂപത്തിൽ പവിത്രദേവതകളുമാണ് നമ്മൾ. ഇപ്പോഴത്തേത് അന്തിമജന്മവും പവിത്ര ബ്രാഹ്മണജന്മവുമാണ്. അതിനാൽ പവിത്രത തന്നെയാണ് ബ്രാഹ്മണജീവിതത്തിന്റെ വ്യക്തിത്വം. ആരാണോ പവിത്രമായിരിക്കുന്നത് അവർ തന്നെയാണ് യോഗികൾ.

## സ്ലോഗൻ-സഹജയോഗിയാണ് എന്നുപറഞ്ഞ് അശ്രദ്ധയെ വിളിച്ചുവരുത്തരുത്, ശക്തി സ്വരൂപമായി മാറൂ..

**അവ്യക്തസൂചന-ആത്മസ്ഥിതിയിൽ ഇരിക്കുന്നതിന്റെ അഭ്യാസം ചെയ്യൂ,അന്തർമുഖിയാകൂ....**
അന്തർമുഖി സദാസുഖി എന്നാണ് പറയാറുള്ളത്. അന്തർമുഖികളെ പുറമേയുള്ള ആകർഷണങ്ങൾക്ക് ആകർഷിതരാക്കാൻ കഴിയില്ല.ചിലപ്പോൾ മന്മത്, ചിലപ്പോൾ പരമത് ഇങ്ങിനെയും ആകർഷിക്കാനാവില്ല. അന്തർമുഖികൾ സദാ സുഖം അനുഭവം ചെയ്യുന്നവരും, സുഖദാതാവിന്റെ കുട്ടികളായ മാസ്റ്റർ സുഖദാതാക്കളുമായിരിക്കും. അവർ ബാഹ്യലോകത്തെ കാര്യങ്ങളിൽ തൽപരരായിരിക്കില്ല.